**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഇന്ധന വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ബജറ്റിൽ നടപ്പിലാക്കിയ ഇന്ധന സെസ്സും തുടർന്നുണ്ടായ ഇന്ധന വിലവർധനവ് കാരണവും സംസ്ഥാനത്ത് ഇന്ധന വിൽപ്പന പ്രത്യേകിച്ച് ഡീസൽ ഇന്ധനത്തിന്റെ വിൽപ്പന ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2023 ലെ കേരള ധനകാര്യ നിയമപ്രകാരം, 2023 - 24 സാമ്പത്തിക വർഷം ഏപ്രിൽ മുതലാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷ സെസ് ഏർപ്പെടുത്തിയത്.<br><br>Tax, Additional Sales Tax, Cess ഉൾപ്പെടെ പെട്രോൾ, ഡീസൽ ഇനത്തിൽ 2022 - 23 സാമ്പത്തിക വർഷം ജനുവരി വരെ നികുതിയിനത്തിൽ 8655.82 കോടി രൂപയും (Provisional), 2023 - 24 സാമ്പത്തിക വർഷം ജനുവരി വരെ നികുതിയിനത്തിൽ 9101.07 കോടി രൂപയും (Provisional) ലഭിച്ചിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ധന നികുതി വരുമാനത്തിൽ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ പെട്രോളിൽ 9.13% വും, ഡീസലിൽ 0.67% വും വർദ്ധനവുണ്ട്. പെട്രോൾ, ഡീസൽ നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് അവയുടെ വിൽപ്പന ഗണ്യമായി കുറഞ്ഞിട്ടില്ല എന്നാണ് കാണിക്കുന്നത്. |
| (ബി) | വാണിജ്യ വാഹനങ്ങളും സ്വകാര്യ വാഹനങ്ങളും അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ഇന്ധനം നിറയ്ക്കുന്നത് കാരണം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; ഇത് മറികടക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ; | (ബി) | കഴിഞ്ഞ വർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ പെട്രോളിൽ നിന്നുള്ള നികുതി വരുമാനത്തിൽ 2024 ജനുവരി മാസം വരെ 9 ശതമാനം വർദ്ധനവും ഡീസലിൽ നിന്നുള്ള നികുതി വരുമാനത്തിൽ 0.67% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (സി) | ജനങ്ങൾ വ്യപകമായി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നത് കാരണം ഇന്ധന വിൽപ്പനയിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനം കുറഞ്ഞിട്ടുണ്ടോ; ഇലക്ട്രിക് വാഹനങ്ങൾ ആളുകൾ കൂടുതലായി ഉപയോഗിക്കുമ്പോൾ ഇന്ധന വില്പനയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന് പകരം | (സി) | Tax, Additional Sales Tax, Cess ഉൾപ്പെടെ പെട്രോൾ, ഡീസൽ ഇനത്തിൽ 2022 - 23 സാമ്പത്തിക വർഷം ജനുവരി വരെ നികുതിയിനത്തിൽ 8655.82 കോടി രൂപയും (Provisional) 2023 - 24 സാമ്പത്തിക വർഷം ജനുവരി വരെ നികുതിയിനത്തിൽ 9101.07 കോടി |

| | | | |
|---|---|---|---|
| | വരുമാനം കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | രൂപയും (Provisional) ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം 2022-23 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ നികുതിയിനത്തിൽ 445.25 കോടി രൂപയുടെ (Provisional) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിലെ ഇന്ധന നികുതി വരുമാനത്തിൽ മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ പെട്രോളിൽ 9.13% വും വർദ്ധനവും, ഡീസലിൽ 0.67% വും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ